# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 1

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) സപ്ലിമെന്ററി പരീക്ഷകൾ ഓഗസ്റ്റ് 22ന് ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് അഞ്ചുവരെയും 500 രൂപ പിഴയോടെ ആറുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഏഴുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 30 രൂപ വീതം (സെമസ്റ്ററിന് പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1456/2019)

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016 അഡ്മിഷൻ റഗുലർ), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി. (2015 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി. (2012-2014 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ് - 2011 അഡ്മിഷൻ സപ്ലിമെന്ററി), ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ് - 2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ് - 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഓഗസ്റ്റ് 20ന് ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് അഞ്ചുവരെയും 500 രൂപ പിഴയോടെ ആറുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഏഴുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1457/2019)

## എം.പി.ഇ.എസ്. സീറ്റൊഴിവ്; സ്പോട് അഡ്മിഷൻ ഓഗസ്റ്റ് അഞ്ചിന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എം.പി.ഇ.എസ്. പ്രവേശനത്തിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യരായവർ ഓഗസ്റ്റ് അഞ്ചിന് രാവിലെ 10.30ന് സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ നടക്കുന്ന സ്പോട് അഡ്മിഷന് യോഗ്യത തെളിയിക്കുന്ന രേഖകളുമായി എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732368, 9447006946.

(പി.ആർ.ഒ./39/1458/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

നാലാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്. മാർച്ച് 2019 സപ്ലിമെന്ററി പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ തിരിച്ചറിയൽ കാർഡ്/ഹാൾ ടിക്കറ്റുമായി ഓഗസ്റ്റ് അഞ്ച്, ആറ് തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 225-ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ./39/1459/2019)

## പരീക്ഷഫലം

2019 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.പി.എഡ്. പരിക്ഷയുടെ (2017 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1460/2019)

2019 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1461/2019)

2019 ഏപ്രിലിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ എജ്യൂക്കേഷൻ (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1462/2019)

2019 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്സി. ഇ.എസ്.എം., ഇ.എസ്. ആന്റ് ഡി.എം. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1463/2019)

2019 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1464/2019)

## ശുചിത്വ ദ്വൈവാരാചരണത്തിന് തുടക്കം

നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ശുചിത്വ ദ്വൈവാരാചരണത്തിന് തുടക്കം. പരിപാടിയുടെ മഹാത്മാ ഗാന്ധി സർവകലാശാലതല ഉദ്ഘാടനം അമലഗിരി ബി.കെ. കോളേജിൽ സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു നിർവഹിച്ചു. ശുചിത്വ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. പ്രിൻസിപ്പൽ ഡോ. ലീനാ മാത്യു അധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർമാരായ ദിയ ഫിലിപ്പ്, സി. കരോളിന എന്നിവർ നേതൃത്വം നൽകി. കേന്ദ്ര യുവജന-സ്പോർട്സ് മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം അഖിലേന്ത്യാതലത്തിൽ ഓഗസ്റ്റ് 15 വരെയാണ് വാരാചരണം.

## ഫോട്ടോ ക്യാപ്ഷൻ

**എൻ.എസ്.എസിന്റെ ശുചിത്വ ദ്വൈവാരാചരണത്തിന്റെ ഭാഗമായി അമലഗിരി ബി.കെ. കോളേജിൽ ശുചിത്വ പ്രതിജ്ഞയെടുക്കുന്നു**

(പി.ആർ.ഒ./39/1465/2019)

## അന്ധവിദ്യാർഥികൾക്ക് അവാർഡ്; അപേക്ഷിക്കാം

അംഗീകൃത സർവകലാശാലകളിലെ എം.ഫിൽ കോഴ്സുകളിൽ ഒന്നും രണ്ടും സ്ഥാനങ്ങളിലെത്തുന്ന അന്ധവിദ്യാർഥികൾക്ക് ഓൾ ഇന്ത്യ കോൺഫെഡറേഷൻ ഓഫ് ബ്ലൈൻഡ് ഏർപ്പെടുത്തിയ 'കൃഷ്ണവന്തി - മനോഹർലാൽ മെമ്മോറിയൽ' അവാർഡിന് അപേക്ഷ ക്ഷണിച്ചു. മറ്റു വിദ്യാർഥികൾക്കൊപ്പം പഠിച്ച് ഒന്നും രണ്ടും സ്ഥാനത്തെത്തുന്ന അന്ധരായ വിദ്യാർഥികളെയാണ് പരിഗണിക്കുക. സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പും സർവകലാശാലയിൽ വിദ്യാർഥിയുടെ സ്ഥാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റും അന്ധത തെളിയിക്കുന്ന സർട്ടിഫിക്കറ്റും സഹിതം നിർദ്ദിഷ്ട മാതൃകയിൽ ഒക്ടോബർ 31നകം അപേക്ഷിക്കണം. വിശദവിവരം www.aicb.org.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1466/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ